# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/31/2017     <u>പത്രക്കുറിപ്പ്</u>     2017 ഫെബ്രുവരി 10

**അപേക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ബി.എ- ഇക്കണോമിക്സ്- സി.ബി.സി.എസ്.എസ് - ഓണേഴ്സ് (അണ്ടർ ഗ്രാജാവേറ്റ് പരിക്ഷകൾ - റഗുലർ/റീഅപിയറൻസ്-2013ന് മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 23 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 17 വരെയും സ്വീകരിക്കും.

തൊടുപുഴ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിലെ ഒന്നാം സെമസ്റ്റർ എം.ടെക് (2016 അഡ്മിഷൻ-റഗുലർ) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 21 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 14 വരെയും 50 രൂപ പിഴയോടെ 15 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 17 വരെയും സ്വീകരിക്കും. അപേക്ഷകർ 150 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

ഒന്നാം വർഷ ബി.എസ്സി. എം.എൽ.റ്റി(പുതിയ സ്കീം-2008 മുതലുള്ള അഡ്മിഷൻ-സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഫെബ്രുവരി 28 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 16 വരെയും 50 രൂപ പിഴയോടെ 17 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 20 വരെയും സ്വീകരിക്കും. അപേക്ഷകർ ഒരു പേപ്പറിന് 20 രൂപ സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം.

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ(റഗുലർ), ആറാം സെമസ്റ്റർ(റഗുലർ/ സപ്ലിമെന്ററി)സി.ബി.സി.എസ്.എസ് അണ്ടർഗ്രാജുവേറ്റ് പരീക്ഷകൾ യഥാക്രമം മാർച്ച് 21, 22 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 20 വരെയും 50 രൂപ പിഴയോടെ 21 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 25 വരെയും സ്വീകരിക്കും. അപേക്ഷാഫോമിന് 20 രൂപയും സി.വി ക്യാമ്പ് ഫീസായി റഗുലർ വിദ്യാർത്ഥികൾ 100 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിന് 20 രൂപ (പരമാവധി 100) നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. നാലാം സെമസ്റ്റർ റഗുലർ വിദ്യാർത്ഥികൾ ഓൺലൈനായി കോളേജ് മുഖേന രജിസ്ട്രേഷൻ നടത്തണം. ഇംപ്രൂവ്മെന്റിന് അപേക്ഷിക്കുന്നവർ 50 രൂപ പരിക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. ഇന്റേണൽ റീ ഡു ചെയ്യുന്നവർ ഒരു പേപ്പറിനു 100 രൂപ ഫീസും മാർക്ക്ലിസ്റ്റിന് 25 രൂപയും അടക്കണം. ആറാം സെമസ്റ്റർ വിദ്യാർത്ഥികളിൽ പ്രൊജക്ട് ചെയ്യുന്നവർ പ്രൊജക്ട് ഇവാല്യൂവേഷൻ ഫീസായി 100 രൂപ അടക്കണം. ആറാം സെമസ്റ്റർ വിദ്യാർത്ഥികൾ ആദ്യം എഴുതുന്നവർ പ്രൊവിഷണൽ സർട്ടിഫിക്കറ്റിനു 100 രൂപയും ഗ്രേഡ് കാർഡിനു 100 രൂപയും അടക്കണം. അപേക്ഷാ ഫോം സർവ്വകലാശാലാ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം.

**തീയതി നീട്ടി**

ബി.ആർക് പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ സർവ്വകലാശാലായിൽ സ്വികരിക്കുന്ന അവസാന തീയതി ഫെബ്രുവരി 13 വരെയാക്കി നീട്ടി.

**പ്രാക്ടിക്കൽപരീക്ഷ**

മൂന്നാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി (സി.എസ്.എസ്-2015 അഡ്മിഷൻ റഗുലർ/ സപ്ലിമെന്ററി-2012 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ അതാത് കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2016 ഡിസംബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഇലക്ട്രോണിക്സ് (റഗുലർ/ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ, പ്രൊജക്ട്, വൈവാ വോസി ഫെബ്രുവരി 15 മുതൽ അതാത് കോളേജുകളിൽ നടത്തും

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.വോക് റിന്യൂവബിൾ എനർജി ഡിഗ്രി പരീക്ഷകളുടെ ഹാൻസ് ഓൺ ട്രെയിനിങ്ങ്-വൈവാ വോസി ഫെബ്രുവരി 16, 17 തീയതികളിൽ എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ വച്ച് നടത്തും.

മൂന്നാം സെമസ്റ്റർ എം.എസ്‌സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്റിക്സ് (സി.എസ്.എസ്-2015 അഡ്മിഷൻ റഗുലർ/ സപ്ലിമെന്ററി-2012 മുതലുള്ള അഡ്മിഷൻ) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ 30 വരെഅതാത് കേന്ദ്രങ്ങളിൽ നടത്തും.

**പരീക്ഷാഫലം**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി. മൈക്രോബയോളജി & ബയോകെമിസ്ട്രി-നോൺ സി.എസ്.എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 25 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. അപ്ലൈഡ് ഫിസിക്സ്-സി.എസ്.എസ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 25 വരെ സ്വീകരിക്കും.

2016 ആഗസ്റ്റിൽ നടത്തിയ മൂന്നാം സെമസ്റ്റർ എൽ.എൽ.ബി(റഗുലർ/സപ്ലിമെന്ററി ത്രിവർഷ)/ഏഴാം സെമസ്റ്റർ ബി.എ എൽ.എൽ.ബി (പഞ്ചവത്സര) (സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 21 വരെ സ്വീകരിക്കും.

2016 ആഗസ്റ്റ്, സെപ്തംബർ, നവംബർ മാസങ്ങളിൽ നടത്തിയ രണ്ട്, അഞ്ച്, ആറ് സെമസ്റ്റർ ബി.എച്ച്.എം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഫെബ്രുവരി 22 വരെ സ്വീകരിക്കും.

**സെക്യൂരിറ്റിഗാർഡ് ഒഴിവ്**

എം.ജി സർവ്വകലാശാലാ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡിന്റെ താല്ക്കാലിക ഒഴിവുണ്ട്. ജില്ലാ സൈനിക വെൽഫെയർ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും 2017 ജനുവരി 1 ന് 59 വയസ്സ് കഴിയാത്തവരുമായ ഇന്ത്യൻപൗരന്മാരായ വിമുക്തഭടന്മാർക്ക് അപേക്ഷിക്കാം. താല്പര്യമുള്ളവർ അപേക്ഷ, പ്രായം, ജാതി, യോഗ്യത എന്നിവ തെളിയിക്കാനുള്ള സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി 15 ന് 11 മണിക്ക് ആർപ്പൂക്കരയിലുള്ള മെഡിക്കൽ എജ്യൂക്കേഷൻ ഡയറക്ടറുടെ ഓഫീസിൽ വാക്ക്-ഇൻ-ഇന്റർവ്യൂവിന് ഹാജരാകണം.

**എം.ജി കലോത്സവം - ഓൺലൈൻ രജിസ്ട്രേഷൻ ഫെബ്രുവരി 12 വരെ നീട്ടി**

എം.ജി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന കലോത്സവം നൂപുര-2017 ന് ഓൺലൈനായി ഫെബ്രുവരി 12 ന് രാത്രി 12 മണി വരെ രജിസ്റ്റർ ചെയ്യാം. അതിനുശേഷം ഫെബ്രുവരി 15 വരെ പ്രിൻസിപ്പലിന്റെ പ്രത്യേക അനുമതിയോടെ അപേക്ഷിക്കാം. ഫോൺ നമ്പർ : 9747 545 805, 9744 121 987, 9020 255 044.

**അറിയിപ്പ്**

അഫിലിയേഷൻ റദ്ദാക്കിയതായി പത്രമാധ്യമങ്ങളിൽ വാർത്ത വന്ന സെന്റ് തോമസ് കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, പറക്കത്താനം, 2014-15 അക്കാദമിക വർഷത്തിൽ അഫിലിയേഷൻ നൽകുകയും പിന്നീട് പ്രവർത്തനരഹിതമാവുകയും ചെയ്ത സ്ഥാപനമാണ്. എന്നാൽ

പറക്കത്താനത്ത് സെന്റ് തോമസ് മാർത്തോമാ ചർച്ച്, കീഴവായ്പൂരിന്റെ ഉടമസ്ഥതയിൽ സെന്റ് തോമസ് കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന പുതിയ കോളേജ് 2016-17 വർഷത്തേക്ക് മഹാത്മാഗാന്ധി സർവ്വകലാശാല താത്കാലികമായി അഫിലിയേഷൻ നൽകിയിരിക്കുന്ന സ്വാശ്രയകോളേജാണ്.

**അടിക്കുറിപ്പ്**

എം.ജി സർവ്വകലാശാലയിൽ നടന്ന അന്തർദേശീയ നാനോശാസ്ത്ര സംഗമം വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യുന്നു

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**